**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2150

05-12-2018 ൽ മറുപടിയ്ക്ക്

**ഫയർഫോഴ്സിന്റെ വാഹനങ്ങൾക്ക് കടന്നുചെല്ലാൻ കഴിയാത്ത ഫ്ലാറ്റുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.തോമസ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) കൊച്ചി കോർപ്പറേഷനിൽ എത്ര ഫ്ലാറ്റുകളും വില്ലകളും പ്രവർത്തിക്കുന്നുണ്ടെന്ന വിവരം അഗ്നിശമന വിഭാഗത്തിൽ ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ; | എ) കൃത്യമായ വിവരം ലഭ്യമല്ല. കെ.എം.ബി.ആർ. പ്രകാരം കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുന്നതിന് മുന്നോടിയായി അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ ആവശ്യമുള്ള കെട്ടിടങ്ങളുടെ വിവരങ്ങളാണ് കോർപ്പറേഷൻ അഗ്നിശമന വിഭാഗത്തിനു നൽകുന്നത് |
| ബി) ഇവയിൽ ഫയർഫോഴ്സിന്റെ വാഹനങ്ങൾക്ക് കടന്നുചെല്ലാൻ കഴിയുന്നതും കഴിയാത്തതുമായവ എത്ര എന്നത് സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; വിശദാംശം ലഭ്യമാക്കുമോ; | ബി) & സി) ഫയർ എൻ.ഒ.സി. നൽകിയിട്ടുള്ള എല്ലാ കെട്ടിടങ്ങളിലേയ്ക്കും ഫയർഫോഴ്സ് വാഹനങ്ങൾക്ക് കടന്ന് ചെല്ലാവുന്നതാണ്. അത്തരം കെട്ടിടങ്ങൾക്ക് മാത്രമേ ഫയർ എൻ.ഒ.സി. നൽകുന്നുള്ളൂ. |
| സി) അടിയന്തര ഘട്ടങ്ങളിൽ ഫയർഫോഴ്സ് വാഹനങ്ങൾക്ക് എത്തിച്ചേരുന്നതിനുള്ള സൗകര്യം എല്ലായിടത്തും നടപ്പിലാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ